## റൂളിംഗ്

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ചെയറിന് കിട്ടിയിട്ടുണ്ട്. ചില കാര്യങ്ങൾ ആവർത്തിച്ചുതന്നെ ചെയർ പറയുന്നു. അത് പറയുന്ന സന്ദർഭത്തിനപ്പുറം അതിന് പ്രസക്തിയില്ലാതായി മാറുകയും ചെയ്യുന്നു. ഇത് ചെയറയിന്റെ വാക്കുകളല്ല സഭയുടെ വാക്കുകളാണെന്ന് നിങ്ങൾ ഓർക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി പറയുന്നു. സഭാചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും പിൻബലത്തിൽനിന്നുകൊണ്ട് മാത്രമേ ഇത്തരം കാര്യങ്ങളിൽ ചെയർ പ്രതികരിക്കാറുള്ളൂ; ഈ ചെയർ മാത്രമല്ല ഇതിനുമുമ്പിരുന്ന എന്റെ മുൻഗാമികളെല്ലാം. ഇവിടെ ഇന്ന് അടിയന്തരപ്രമേയ നോട്ടീസ് നൽകിയിട്ടുള്ളത് 02-04-2013-ൽ അവതരിപ്പിച്ചിട്ടുള്ള ഒന്നിനാണ്. ചട്ടം 52(4) പ്രകാരം ഇത് വീണ്ടും അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്, പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലുമാണ്. പക്ഷേ അടിയന്തരപ്രമേയം അവതരിപ്പിക്കുകയെന്നത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. ആ അവകാശത്തെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഏതെല്ലാം തരത്തിൽ ഇത് കൊണ്ടുവരണമെന്ന് നിങ്ങൾകൂടി തീരുമാനിക്കണം. ചില അടിയന്തരപ്രമേയങ്ങൾ അനുവദിച്ചില്ലെങ്കിൽ അത് ഫസ്റ്റ് സബ്മിഷനായി കൊടുക്കുന്ന ഒരു കീഴ്വഴക്കമുണ്ട്. ഇവിടെ ഈ അടിയന്തരപ്രമേയം നിഷേധിച്ചാൽ സബ്മിഷനായി കൊടുക്കാനുള്ള സ്കോപ്പില്ല. കാരണം എന്തുകൊണ്ട് അടിയന്തരപ്രമേയം അനുവദിക്കുന്നില്ല എന്ന കാരണത്തിന്റെ അടിസ്ഥാനത്തിൽ സബ്മിഷനും സാധ്യമല്ല. ഞാനിത് സഭാനേതാവായ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. അദ്ദേഹം ഇതിന് മറുപടി പറയാൻ തയ്യാറാണ്. അദ്ദേഹം മറുപടി പറയാൻ തയ്യാറായതുകൊണ്ടുമാത്രം കാര്യമായില്ലല്ലോ. നമുക്ക് ചില കീഴ്വഴക്കങ്ങളുണ്ട്.

ഒരിക്കൽകൂടി ചെയറിന്റെ ശക്തമായ അഭിപ്രായ നിരീക്ഷണം ഞാൻ നിങ്ങളുടെ മുന്നിൽ പങ്കുവയ്ക്കുന്നു. ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ വന്നിരിക്കുന്ന ഈ അടിയന്തരപ്രമേയത്തിന്റെ കാലികമായ പ്രാധാന്യം, വസ്തുതാപരമായ പ്രാധാന്യം എല്ലാം ഇവിടെ ചർച്ച ചെയ്തതാണ്. ഇന്നത്തെ ദിവസം ഇതൊന്നും പ്രസക്തമല്ല എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. പക്ഷേ പ്രതിപക്ഷത്തിന് നിയമസഭയിൽ ഇത് അടിയന്തരപ്രമേയമായി അവതരിപ്പിക്കണമെന്നുണ്ടെങ്കിൽ ആ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇത് വീണ്ടും ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് സഭയുടെ എല്ലാ നടപടിക്രമങ്ങൾക്കും വിരുദ്ധമായിട്ടാണ് വരുന്നത്. സഭയുടെ .................. അത് പറയേണ്ടത് ശ്രീ. രാജു എബ്രഹാം അല്ല.................. നോ .... നോ ..... അതൊന്നും വേണ്ട....... ഇതൊന്നും ശരിയല്ല. ........ ശ്രീ. രാജു എബ്രഹാം, ഇതൊന്നും ആർക്കും ........... അപ്പുറത്ത് ആരാണ് പറഞ്ഞത്. ........... അപ്പുറത്ത് പറഞ്ഞതും തെറ്റാണ്. സഭയ്ക്കകത്ത് രണ്ടുകൂട്ടർക്കും പ്രത്യേകമായ അവകാശങ്ങളൊന്നുമില്ല. .......... അങ്ങനെ പറഞ്ഞാൽ ........ ഒരുപാട് അവകാശം പ്രതിപക്ഷവും എടുക്കാതിരുന്നാൽ സഭ നന്നായി പോകും. അതുകൂടി ചെയർ പറയുന്നു.

## അടിയന്തരപ്രമേയം

### ഗാർഹിക പീഡനം

മി. സ്പീക്കർ: ഗാർഹിക പീഡനത്തിനിരയായ ഡോ. യാമിനി തങ്കച്ചിയുടെ പരാതി വാങ്ങാതെ രമ്യമായി പരിഹരിക്കാമെന്നുപറഞ്ഞ് പ്രശ്നം നീട്ടിക്കൊണ്ടുപോവുകയും ഒടുവിൽ ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ പരാതി ആദ്യമായി പരിഗണിക്കപ്പെടാൻ മുഖ്യമന്ത്രി ഇടപെടുകയും ചെയ്ത

തായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, വി. ചെന്താമരാക്ഷൻ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്, മുഖ്യമന്ത്രിയുടെ സമ്മതം വാങ്ങിക്കൊണ്ടാണ് പരാതി കൊടുത്തതെന്ന് മന്ത്രിസ്ഥാനം രാജി വയ്ക്കേണ്ടി വന്ന ശ്രീ. കെ.ബി. ഗണേഷ് കുമാർ വെളിപ്പെടുത്തിയിരിക്കുന്നു എന്നതുസംബന്ധിച്ചാണ്. ഞാൻ ശ്രീ. കെ.ബി. ഗണേഷ് കുമാറിനോട് ചോദിച്ചപ്പോൾ അദ്ദേഹം അങ്ങനെയൊരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടില്ല എന്നാണ് അറിഞ്ഞത്. ഞാനുംകൂടി ഇടപെട്ടുണ്ടാക്കിയ ഒരു കരാർ ലംഘിക്കാൻ ഞാൻ തന്നെ പറയുമോയെന്ന് നിങ്ങൾക്ക് സ്വയം ആലോചിക്കാം. ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ അഫിഡവിറ്റിലെ ഒരു വാചകം വായിക്കാം. “While so I came to know that the petitioner is in the process of drafting complaints to be filed against me”. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിനെതിരെ കംപ്ലയിന്റ് ഫയൽ ചെയ്യാൻ പോകുന്നു എന്ന വിവരം കിട്ടി, “....and it was in the said circumstance I had rushed to file the OP before the Hon’ble Family Court without even getting time to contact the mediators or Hon’ble Chief Minister.” ഇത്

ശ്രീ. കെ. ബി. ഗണേഷ് കുമാർ ഏപ്രിൽ മാസം 5-ാം തീയതി കൊടുത്ത അഫിഡവിറ്റാണ്. .............(ബഹളം)............

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന ഒരു വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നതിനുശേഷം അതിന് മറുപടി മുഖ്യ മന്ത്രിക്ക് പറയാൻ പാടില്ലെന്നുപറഞ്ഞാൽ എങ്ങനെയൊണ് ശരിയാകുന്നത്; അത് ശരിയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് കൊള്ളേണ്ടിടത്ത് കൊണ്ടു. കാരണം ഇത് 5-ാം തീയതി കൊടുത്ത അഫിഡവിറ്റാണ്. 6-ാം തീയതി കോടതി ശ്രീ. കെ. ബി. ഗണേഷ് കുമാറിനെയും ഡോ. യാമിനി തങ്കച്ചിയെയും വിളിച്ച് ഒത്തുതീർപ്പിനായി ശ്രമിക്കുകയും ഇനി രണ്ടുപേരും പരസ്യമായി പത്രങ്ങളിൽ ഒരുകാര്യവും പറയരുതെന്നും പറഞ്ഞു. അതിനുശേഷം ശ്രീ. കെ. ബി. ഗണേഷ ്കുമാർ എവിടെ പറഞ്ഞുവെന്നാണ് പറയുന്നത്. ഞാൻ ചോദിച്ചപ്പോൾ കെ. ബി. ഗണേഷ് കുമാർ ഒരിടത്തും അങ്ങനെ പറഞ്ഞിട്ടി ല്ലെന്നാണ് പറഞ്ഞത്. ഈ അഫിഡവിറ്റ് അദ്ദേഹം കൊടുത്തയച്ചതാണ്. ഏത് സാഹചര്യത്തിലാണ് കുടുംബകോടതിയിൽ പോയതെന്ന് അഫിഡവിറ്റിൽ പറയുന്നുണ്ട്. ഒരാളേയും കോൺടാക്റ്റ് ചെയ്യാൻ സമയം കിട്ടിയിട്ടില്ലെന്നാണ് അതിൽ പറയുന്നത്. ഇക്കാര്യങ്ങൾ വളരെ വ്യക്തമാണ്. ഇനി ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞതിനുശേഷം ബാക്കി ഞാൻ പറയാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല. ശ്രീ. വി.എസ്. സുനിൽ കുമാർ..... ചെയർ ശ്രീ. വി.എസ്. സുനിൽ കുമാറിനെ

വിളിച്ചുകഴിഞ്ഞു. ഈ ഘട്ടത്തിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നില്ല. അടിയന്തരപ്രമേയം അവതരിപ്പിക്കട്ടെ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇങ്ങനെയൊരു വിഷയം വീണ്ടും ഈ സഭയിൽ ഉന്നയിക്കേണ്ടിവരുന്നത് നിർഭാഗ്യകരമാണ്. ............(ബഹളം)............അതിനുകാരണം ഭരണകക്ഷിയും മുഖ്യമന്ത്രിയുമാണ്. നിയമവാഴ്ച ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം സംസ്ഥാന ഗവൺമെന്റിനാണ്. അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ഭരണകക്ഷി അംഗങ്ങൾ ബഹളം ഉണ്ടാക്കുകയാണെങ്കിൽ പ്രശ്നമാണ്. ഇവിടെ ഒരു കുടുംബപ്രശ്നം ചർച്ച ചെയ്യാൻ വേണ്ടിയല്ല അടിയന്തരപ്രമേയം അവതരപ്പിക്കുന്നത്. ഇത് കുടുംബപ്രശ്നമെന്നതിനേക്കാൾ ഉപരിയായി നിയമവാഴ്ച ഉറപ്പുവരുത്താൻ ഉത്തരവാദിത്തപ്പെട്ട സർക്കാർ തന്നെ നിയമവാഴ്ച ഉറപ്പുവരുത്തുന്ന കാര്യത്തിൽ അതീവഗുരുതരമായ വീഴ്ച വരുത്തിയാൽ നിയമനിർമ്മാണ സഭയ്ക്ക് ആ ഉത്തരവാദിത്തമുണ്ടെന്ന ഉയർന്ന നിയമബോധത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷം വീണ്ടും ഈ വിഷയം നിയമസഭയിൽ ഉന്നയിക്കുന്നത്. അല്ലാതെ ഭരണകക്ഷിക്കാരിൽ ചിലർ പറയുന്നതുപോലെ ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെയും ഡോ. യാമിനി തങ്കച്ചിയുടെയും കുടുംബവിഷയങ്ങൾ ഒരു പൈങ്കിളിസാഹിത്യംപോലെ ചർച്ച ചെയ്യാനുള്ള താൽപ്പര്യം കൊണ്ടല്ല. ഗവൺമെന്റും ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ എടുത്തിരിക്കുന്ന നിലപാടുകൾ, നിയമ വിരുദ്ധമായ സമീപനങ്ങൾ, സത്യപ്രതിജ്ഞാ ലംഘനം, ഭരണഘടനാപരമായി ഒരു സ്റ്റേറ്റിന്റെ ചീഫ് എന്നുള്ള നിലയിൽ അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ദുരുപയോഗം ചെയ്തുകൊണ്ട് അദ്ദേഹം നടത്തിയിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം വച്ചുകൊണ്ടാണ് ഈ വിഷയം

വീണ്ടും സഭയിൽ ഉന്നയിക്കേണ്ടിവന്നത്. ഞാൻ മറ്റുവിഷയങ്ങളിലേക്ക് കടക്കുന്നില്ല. ഈ മന്ത്രിസഭയിൽ മന്ത്രിയായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കുടുംബവുമായി ബന്ധപ്പെട്ട വിഷയത്തിൽ അതേ മന്ത്രിസഭയിലെ മുഖ്യമന്ത്രി തന്റെ സഹപ്രവർത്തകനായ ഒരു മന്ത്രിയുടെ കുടുംബപ്രശ്നത്തിൽ ഇടപെടുന്നത് തെറ്റായ കാര്യമല്ല. ഇടപെടേണ്ടിവന്നാൽ ഇടപെടണം, പക്ഷേ, അങ്ങനെ ഇടപെടേണ്ടിവന്നാൽ ഒരു കുടുംബപ്രശ്നത്തിൽ ഇടപെടുന്നതുപോലെ ഇടപെടണം. അദ്ദേഹം കുടുംബപ്രശ്നത്തിൽ ഇടപെടേണ്ടതുപോലെയാണോ ഇടപെട്ടത്; ആ പ്രശ്നം പരിഹരിക്കാൻ അദ്ദേഹത്തിന് സാധിച്ചോ; അദ്ദേഹം ചെയ്തിരിക്കുന്നതെന്താണ്; ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരായി മുമ്പും ധാരാളം പരാതികളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി അദ്ദേഹത്തിന്റെ ഭാര്യ ഡോ. യാമിനി തങ്കച്ചി, 16 വർഷമായി മന്ത്രിസഭയിലെ ഒരു അംഗം തന്നെ നിരന്തരമായി പീഡിപ്പിക്കുന്നുവെന്നും തന്റെ ശരീരത്തിൽ പീഡിപ്പിച്ചതിന്റെ പാടുകൾ ഉണ്ടെന്നുമുള്ള ഒരു പരാതിയുമായി മുഖ്യമന്ത്രിയുടെ അടുത്ത് ചെല്ലുന്നു. മുഖ്യമന്ത്രി ആ പരാതി വാങ്ങുന്നതിനുപകരം ഈ പ്രശ്നം ഞാൻ പരിഹരിച്ചുതരാമെന്നുപറഞ്ഞ് അവരുടെ പരാതി വാങ്ങാതെ ആ സ്ത്രീയെ തിരിച്ചയയ്ക്കുകയാണ് ചെയ്തത്. അങ്ങനെ ഒരു സ്ത്രീയെ മടക്കിയയച്ചുകഴിഞ്ഞാൽ മുഖ്യമന്ത്രിക്ക് അതിൽ വലിയ ഉത്തരവാദിത്തമുണ്ട്. നിയമപരമായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയത്തെ ഒത്തുതീർപ്പിലൂടെ പരിഹരിക്കാമെന്നുപറഞ്ഞ് മടക്കി അയയ്ക്കുകയാണ് ചെയ്തത്. തന്നെ പീഡിപ്പിച്ചിരിക്കുന്നുവെന്ന് മന്ത്രിയുടെ

ഭാര്യ എന്നുള്ള നിലയിൽ മാത്രമല്ല, ഒരു സ്ത്രീയെന്ന നിലയിൽ പരാതി രേഖാമൂലം തയ്യാറാക്കി ചെന്നതാണ്. അപ്പോൾ ആ പരാതി വാങ്ങാതെ മുഖ്യമന്ത്രി തിരിച്ചയയ്ക്കുന്നു. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പരാതി വാങ്ങാതെ മുഖ്യമന്ത്രി തിരിച്ചയച്ചത്; സദുദ്ദേശ്യമാണ് അദ്ദേഹത്തിനു ണ്ടായിരുന്നതെങ്കിൽ ഈ പ്രശ്നം അദ്ദേഹത്തിന് പരിഹരിക്കാൻ കഴിയേണ്ട തല്ലേ; എന്നാൽ പ്രശ്നം പരിഹരിച്ചോ; പരിഹരിച്ചില്ലെന്ന് മാത്രമല്ല, വളരെ സങ്കീർണ്ണാമായ നിരവധി നിയമപ്രശ്നങ്ങളും രാഷ്ട്രീയ വിഷയങ്ങളുമായി അത് വളർന്നുവന്നിരിക്കുകയല്ലേ; അപ്പോൾ മുഖ്യമന്ത്രി ഒരു സ്ത്രീയെ അവരുടെ പരാതി വാങ്ങാതെ തിരിച്ചയച്ചതിന്റെ ഫലമായി കേരളത്തിൽ ഉണ്ടായിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, നമ്മളെല്ലാം നിയമത്തിന്റെ മുമ്പിൽ സമന്മാരാണെന്നുള്ളതാണ്. ചെയറിലിരിക്കുന്ന അങ്ങും മന്ത്രിമാരും നിയമസഭയിലെ മെമ്പർമാരും നിയമത്തിന്റെ മുമ്പിൽ സമന്മാരാണ്. നിയമ ത്തിന്റെ മുമ്പിൽ സമന്മാരായ നമുക്ക് നിയമസഭയ്ക്കകത്ത് നിയമസഭാ സാമാജികരെന്ന നിലയിലുള്ള പ്രിവിലേജ് ഒഴികെ മറ്റവകാശങ്ങളില്ല; എല്ലാവരും നിയമത്തിന്റെ മുമ്പിൽ സമന്മാരാണെന്ന് ഭരണഘടന അംഗീകരിച്ച നിയമവ്യവസ്ഥ നിലനിൽക്കുന്ന സംസ്ഥാനത്ത് ഏത് നിയമ മുണ്ടെങ്കിലും അധികാരത്തിൽ ഇരിക്കുന്നവരും പോലീസ് സംവിധാനങ്ങൾ കയ്യിലുള്ളവരും വിചാരിച്ചാൽ നിയമങ്ങൾക്ക് പുല്ലുവിലയാണുള്ളതെന്നാണ് ഇവിടെ തെളിഞ്ഞിരിക്കുന്നത്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അഫിഡവിറ്റ് വായിച്ചു. ഡോ. യാമിനി തങ്കച്ചി കോടതിയിൽ കൊടുത്തിരിക്കുന്ന പരാതി ഞാൻ അങ്ങേയ്ക്കുവേണ്ടി വായി ക്കുകയാണ്. "After this incident the petitioner approached the Hon'ble

Chief Minister on 23-02-2013 and informed all tortures and atrocities of the respondent. Since he being a Minister of the State, then the Hon'ble Chief Minister suggested for an amicable settlement and gave the assurance to the petitioner to resolve the issue amicably within a time frame. But even after a few days no amicable settlement was arrived at. The petitioner repeatedly approached the Hon'ble Chief Minister and insisted for taking action against the respondent by accepting her written complaint". 2013–ൽ പാസ്സാക്കിയിരിക്കുന്ന അമെന്റ്മെന്റ് നിയമം അനുസരിച്ച് ഒരു സ്ത്രീ പരാതി സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണ്. "But the Hon'ble Chief Minister again tried to pacify the petitioner and offered to settle the matter shortly.... വീണ്ടും പറയുകയാണ്, "Then as per the instruction of the Hon'ble Chief Minister, Labour Minister Mr. Shibu Baby John conducted various rounds of mediation with representatives of both sides including T. Balakrishnan, I.A.S.(Rtd.), Brother-in-law and thereafter issues were settled amicably at the presence of the Hon'ble Chief Minister on late night 18-03-2013 and a written agreement was entered between the petitioner and the respondent in the presence of the mediation on 19-03-2013 in the official residence of Shibu Baby John. നമ്മുടെ മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ ഔദ്യോഗികമായ കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്.

ഗവൺമെന്റ് അറിയാതെ മീറ്റിംഗുകളോ ഇതുപോലുള്ള കാര്യങ്ങളോ മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ നടക്കാൻ പാടില്ല. പക്ഷേ, നിർഭാഗ്യ വശാൽ ഇക്കാര്യത്തിനുവേണ്ടി മന്ത്രിയുടെ ഔദ്യോഗിക വസതി തന്നെ ദുരുപയോഗപ്പെടുത്തുകയുണ്ടായി. “.....and the terms of agreement were to be executed on or before 30-03-2013, since the respondent was not coming forward to execute the agreement in letter and spirit and was demanding further dilution of agreement to his advantage. The execution had not happened as agreed by the discussion continued through the Hon’ble Chief Minister who again assured of complementing the terms of agreement by 01-04-2013. But to the utter dismay, the surprise of the petitioner in the F.N. of 01-04-2013 learned from the media that the respondent retracted from the terms of agreement and filed a divorce petition alleging cruelty. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ചേർന്ന് ഒരു പരാതിയിൽ ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിച്ചുവെന്നുള്ളതാണ് ഇവിടെ വന്നിരിക്കുന്ന പ്രശ്നം. ആ ഒത്തുതീർപ്പിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ, മന്ത്രിസഭയിലെ അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെട്ടിരിക്കുന്നു. ആ കേസ്സിൽ ഒരു ഒത്തുതീർപ്പ് വ്യ വസ്ഥയുണ്ടാക്കുന്നതിൽ രാത്രിയും പകലുമില്ലാതെ ദിവസങ്ങളോളം മന്ത്രിയു ടെതന്നെ നേതൃത്വത്തിൽ മുഖ്യമന്ത്രി നേരിട്ടിടപെട്ട് ~~ഒരു~~ പരിഹാരമുണ്ടാക്കുന്ന തിനുവേണ്ടി ഒരു എഗ്രിമെന്റ് രണ്ട് കൂട്ടരും ഒപ്പുവച്ചുകഴിഞ്ഞാൽ.... ആ പരാ തിയിൽ തന്റെ മുമ്പിൽ ആദ്യമായി പരാതിയുമായി വന്ന ഒരു സ്ത്രീ അതിലെ

കക്ഷിയാണ്. ആ സ്ത്രീ ഒരു പോലീസ് സ്റ്റേഷനിലാണ് പരാതികൊടുത്തിരുന്നതെങ്കിൽ പരാതിയിൽപ്പറയുന്ന പുരുഷനെ ആ നിമിഷം അറസ്റ്റ്ചെയ്യേണ്ടിവരും. എന്നാൽ ആ സ്ത്രീ തന്റെ ഭർത്താവ് ഒരു മന്ത്രിയായതുകൊണ്ട് മുഖ്യമന്ത്രിയെ തന്റെ പിതാവിനെപ്പോലെ കാണുന്ന ആളെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു വിശ്വാസത്തിന്റെ പുറത്ത് പരാതികൊടുക്കുകയാണ് ചെയ്തത്. ആ വിശ്വാസത്തിന്റെ പുറത്ത് നീതികിട്ടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. ഇപ്പോൾ നാം പാസ്സാക്കിയ ഒരു നിയമപ്രകാരം ഇത്തരം കേസ്സുകളിൽ സ്ത്രീകൾക്ക് അനുകൂലമായി സഹാനുഭൂതിയോടുകൂടിയുള്ള സമീപനം നിയമത്തിനുമുമ്പിലുണ്ട്. അത് മുഖ്യമന്ത്രിയിൽ നിന്ന് കിട്ടുമെന്ന പ്രതീക്ഷയോടുകൂടിയാണ് അവർ അവിടെ വരുന്നത്. അങ്ങനെ ഒരു ഒത്തുതീർപ്പുണ്ടാക്കി മുന്നോട്ടുപോയികൊണ്ടിരിക്കുമ്പോൾ താൻ ആർക്കെതിരെയാണോ പരാതികൊടുത്തത് ആ പരാതിയിൽ പറയുന്ന പുരുഷനുവേണ്ടി, ഈ നിയമസഭയിലെ മന്ത്രിയും, മുഖ്യമന്ത്രിയുടെ സഹപ്രവർത്തകനുമായ അദ്ദേഹത്തിനുവേണ്ടി, ആ കരാർ നടപ്പാക്കുന്നതിനുപകരം ആ കരാറിനുവിരുദ്ധമായി ഇതേ മന്ത്രി ക്രൂവൽറ്റിക്കെതിരായി, കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത വിധത്തിൽ മന്ത്രിയെ മർദ്ദിച്ചുവെന്നൊരു കേസ്സ് കൊടുക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമറിയാതെ ഇതിന് നേതൃത്വംകൊടുത്ത രണ്ട് സഹപ്രവർത്തകരും നേതാക്കന്മാരുമറിയാതെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പെറ്റീഷൻ കൊടുത്തുവെന്നുപറഞ്ഞാൽ ഈ ലോകത്ത് ആരും വിശ്വസിക്കില്ല. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് ആ പെറ്റീഷൻ അവിടെ കൊടുത്തത്. എന്നുമാത്രമല്ല, ഇത് അധികാര ദുർവിനിയോഗമാണ്. തന്റെ അധികാരപദവി ദുരുപയോഗം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, രണ്ട് മിനിറ്റുകൂടി മതി, ഞാൻ നിറുത്തുകയാണ്. മാത്രമല്ല, ഡോ. യാമിനി തങ്കച്ചി ഇതുമായി ബന്ധപ്പെട്ടു കൊണ്ട് രാത്രി 10.30 മണിക്ക് മുഖ്യമന്ത്രിയുടെ വസതിയിലേക്കുവന്ന് പരാതി ആദ്യം മുഖ്യമന്ത്രിക്ക് കൊടുക്കുകയും അതിനുശേഷം മ്യൂസിയം പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുക്കുകയും ചെയ്തു. ആ പരാതിപ്രകാരം കേസ് എടുക്കേണ്ടത് മന്ത്രിക്കെതിരെയാണ്. എന്നാൽ അതുവരെ താൻ രാജി വയ്ക്കില്ല എന്നുപറഞ്ഞ ശ്രീ. കെ. ബി. ഗണേഷ് കുമാർ രാത്രി 12 മണിക്ക് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ കൊണ്ടുപോയി രാജി കൊടുക്കുന്നു. അവിടെയാണ് നാടകീയമായ സംഭവങ്ങൾ ഉണ്ടാകുന്നത്. ആ രാജി കൊടുത്തതിനുശേഷം, 10.30–ന് പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്ത ഒരു പാവം വീട്ടമ്മ, അവർ ആരുമായിക്കൊള്ളട്ടെ, ആ പരാതിയി ന്മേൽ കേസ്സെടുക്കുന്നതിനുപകരം കേസ്സെടുക്കുന്നത് താമസിപ്പിച്ചശേഷം 12.30–നുശേഷം മന്ത്രിയുടെ വീട്ടിലേക്ക് സർക്കിൾ ഇൻസ്പെക്ടർ വരികയും പരാതി എഴുതിവാങ്ങി ഡോ. യാമിനി തങ്കച്ചിക്കെതിരായി കേസ്സെടുക്കുകയാ ണുണ്ടായത്. ഇത് എവിടത്തെ ന്യായമാണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ.. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കേസ്സ് 421/2013–ഉം ഡോ. യാമിനി തങ്കച്ചിയുടെ കേസ് 422/2013–മായാണ് രജിസ്റ്റർ ചെയ്തത്. 10.30–ന് എടുത്ത കേസ് 422–ാം നമ്പറും 12 മണിക്ക് എടുത്ത കേസ്സ് 421–ാം നമ്പറുമായി എടുത്തുവെന്നു

പറഞ്ഞാൽ ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണ സംവിധാനങ്ങളും അറിയാതെ ഒരു സ്ത്രീക്കെതിരായി ഇങ്ങനെയൊരു കള്ളക്കളി ഉണ്ടാകുമോ; മുഖ്യമന്ത്രി പറഞ്ഞിട്ടാണ് ഈ കേസ് കൊടുത്തതെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞു. മുഖ്യമന്ത്രി വഞ്ചിച്ചിരിക്കുകയാണെന്ന് ഡോ. യാമിനി തങ്കച്ചി പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, 12 മിനിട്ടായി. പ്ലീസ്, പ്ലീസ്, കൺക്ലൂഡ്, 12 മിനിട്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കുകയാണ്. ഇവിടെ ഭരണഘടനാപരമായ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട്, അങ്ങ് സത്യപ്രതിജ്ഞ ചെയ്ത ഒരു മന്ത്രിയാണ്. ഭീതിയോ പ്രീതിയോ കൂടാതെ നമ്മുടെ ഭരണഘടനയോട് കൂറ് പുലർത്തിക്കൊണ്ട് പ്രവർത്തിക്കേണ്ട അങ്ങ് ഉദ്ദേശ്യശുദ്ധിയോടുകൂടിയാണ് ഒരു സ്ത്രീയുടെ പരാതി വാങ്ങിയതെങ്കിൽ ആ സ്ത്രീക്ക് നീതി കിട്ടുമെന്ന് ഉറപ്പാക്കാൻ അങ്ങേയ്ക്ക് ഉത്തരവാദിത്വമുണ്ടായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പക്ഷെ അങ്ങയുടെ സഹപ്രവർത്തകനായ ഒരു മന്ത്രിയെയും അങ്ങയുടെ മന്ത്രിസഭയെയും രക്ഷിക്കാൻവേണ്ടി ഈ പാവപ്പെട്ട സ്ത്രീയിൽനിന്നും എനിക്ക് പരാതിയുണ്ടായിരുന്നില്ല എന്ന ഒരു കള്ള സത്യവാങ്മൂലം എഴുതിവാങ്ങുകയാണ് അങ്ങ് ചെയ്തിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് നാണംകെട്ട ഒരു സ്റ്റേറ്റ്മെന്റ് ഈ നിയമസഭയുടെ മുമ്പിൽവച്ച് ഈ മന്ത്രിസഭയെ രക്ഷിക്കാൻ ശ്രമിക്കുകവഴി സത്യപ്രതിജ്ഞാലംഘനവും അധികാര ദുർവിനിയോഗവും നടത്തുകയാണ് ചെയ്തത്. ആ സ്ത്രീയുടെ പേരിൽ ഐ.പി.സി. 324 അനുസരിച്ച് ജാമ്യമില്ലാകേസ് ചാർജ്ജുചെയ്യുകയല്ലേ ചെയ്തത്; വകുപ്പ് 506 (9) എന്നുപറഞ്ഞാൽ കൊല്ലുമെന്ന ഉത്തമവിശ്വാസത്തോടുകൂടി ഭീഷണി പ്പെടുത്തുകയെന്നതാണ്. ഈ രണ്ട് വകുപ്പുകളും യോജിപ്പിച്ചുകൊണ്ടാണ് ഡോ. യാമിനി തങ്കച്ചിക്കെതിരെ കേസ്സെടുത്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കേസ്സിന് കൗണ്ടർകേസ്സ് എന്നുവരത്തക്കവിധത്തിൽ നിയമ ത്തിന്റെ നഗ്നമായ ലംഘനമാണ് നടത്തിയത്. ഞാൻ ഇങ്ങനെയാണ്, ഞാൻ എങ്ങനെയും ചെയ്യും എന്ന് അങ്ങിവിടെ ഒരു പക്ഷെ പറയും, അങ്ങ് പറയുന്നത് ശരിയായിരിക്കാം. പക്ഷെ ഇങ്ങനെയൊക്കെ പറയുമ്പോഴും നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന് പറയുന്ന ആളല്ലേ, ഞാൻ ഇവിടെ ചോദിക്കുകയാണ് പിന്നെ എന്താണ് ഈ പരാതി അങ്ങനെ പോകാത്തത്. അങ്ങ് സത്യപ്രതിജ്ഞാ ലംഘനം നടത്തുകയും അധികാരം ദുർവിനിയോഗം ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഒരു സ്ത്രീയുടെ പരാതിയിന്മേൽ നടപടിയെടുക്കാൻ ഉത്തരവാദിത്വപ്പെട്ട അങ്ങ് ആ പരാതിപോലും വാങ്ങാതെ ആ സ്ത്രീയെ തിരിച്ചയച്ച്, തന്നെ വഞ്ചിച്ചുവെന്ന് സ്ത്രീതന്നെ സ്റ്റേറ്റ്മെന്റ് കൊടുക്കുന്നവിധത്തിൽ... സ്ത്രീനീതി നടപ്പാക്കാൻ ഉത്തരവാദിത്വപ്പെട്ട അങ്ങ്, സ്ത്രീകൾക്കെതിരായ നിരവധി പീഡനങ്ങൾ ഉണ്ടായിക്കൊണ്ടിരി

ക്കുന്ന ഈ കാലഘട്ടത്തിൽ മാതൃകാപരമായി പ്രവർത്തിക്കേണ്ട അങ്ങ്... (മൈക്ക് ഓഫ്)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, please resume your seat.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഒരു സഹപ്രവർത്തകനാണെങ്കിൽപോലും ഗാർഹിക പീഡനക്കേസിൽ പ്രതിയാണെങ്കിൽ ശിക്ഷിക്കപ്പെടണമെന്ന് ഉറപ്പുവരുത്തേണ്ട അങ്ങ്, തന്റെ സഹപ്രവർത്തകനെയും മന്ത്രിസഭയെയും രക്ഷിക്കാൻവേണ്ടി നടത്തിയ നാടകങ്ങൾ നമ്മുടെ രാജ്യത്തെ നീതിന്യായ വ്യവസ്ഥയോടും പോലീസിനോടും സർക്കാരിനോടുമുള്ള ജനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് ഈ പദവിയിലിരിക്കാൻ യോഗ്യനല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, മുഖ്യമന്ത്രി പദവിയിൽ ഭരണഘടനാപരമായി അധികാരമേറ്റ അങ്ങ് ഈ കാര്യത്തിൽ ഈ രീതിയിലാണ് ചെയ്തിരിക്കുന്നതെങ്കിൽ ഈ പദവിയിലിരിക്കാൻ യോഗ്യനല്ല. മാന്യതയും രാഷ്ട്രീയമായ ധാർമ്മികതയും നിയമബോധവുമുണ്ടെങ്കിൽ ഈ വിഷയത്തിന്റെ പേരിൽ ഞാൻ എന്റെ പദവി രാജിവയ്ക്കുമെന്ന് പറയുകയാണ് അങ്ങ് ചെയ്യേണ്ടത് (ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 15 മിനിട്ടായി.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് ചെയ്യുന്നത് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കുടുംബം രക്ഷിക്കലല്ല, പകരം അങ്ങയുടെ മന്ത്രിസഭയെ രക്ഷിക്കാൻവേണ്ടി അങ്ങയുടെ അധികാരം സംരക്ഷിക്കാൻവേണ്ടി

അധികാരവും പദവിയും എല്ലാം ദുരുപയോഗം ചെയ്തിരിക്കുന്ന അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രിയപ്പെട്ട ശ്രീ. കെ. സുരേഷ് കുറുപ്പ്, ഞാൻ ഒരു അഫിഡവിറ്റ് വായിച്ചപ്പോൾ അങ്ങ് ഇവിടെ വളരെയധികം ക്ഷോഭിച്ചല്ലോ, ശ്രീ. വി. എസ്. സുനിൽ കുമാർ വായിച്ചപ്പോൾ അങ്ങയുടെ വികാരം എവിടെപ്പോയി? (ബഹളം)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ സ്പീക്കറുടെ റൂളിംഗ് അനുസരിച്ചു, അത്രയേയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: അതുശരി. കോടതിയിലിരിക്കുന്ന ഒരു പ്രശ്നം അടിയന്തരപ്രമേയമായി കൊണ്ടുവരുന്നതിനോട് അങ്ങ് യോജിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, അങ്ങ് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞ കാര്യം ഉന്നയിച്ചുകൊണ്ടാണ് നോട്ടീസ് നൽകിയത്. പക്ഷെ അങ്ങിവിടെ സംസാരിച്ചതുമുഴുവൻ ഡോ. യാമിനി തങ്കച്ചിയുടെ പെറ്റീഷനെ ഉദ്ധരിച്ചുകൊണ്ടാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്റെ സമ്മതത്തോടു കൂടിയാണ് പരാതി കൊടുത്തത് എന്നാണ് നോട്ടീസ് നൽകിയത്. അദ്ദേഹത്തി ന്റെ അഫിഡവിറ്റിൽതന്നെ വളരെ വ്യക്തമായി അത് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, ഡോ. യാമിനി തങ്കച്ചിയുടെ പ്രശ്നത്തിൽ ഞാനും ശ്രീ. ഷിബു ബേബി ജോണുമൊക്കെ ഇടപ്പെട്ട് ഒത്തു തീർപ്പുണ്ടാക്കിയതാണ്. അത് ഏറ്റവും നല്ലനിലയിൽ തീർക്കാൻവേണ്ടിതന്നെ തുടർന്നും ഞങ്ങൾ ശ്രമിക്കും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം രമ്യമായ ഒരു പരിഹാര മുണ്ടാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അത് ഒരു പൊതുപ്രവർത്തകന്റെ കടമ

യാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത് നാളെയും തുടരും. ഒരു കുടുംബ ത്തിൽ ഇതുപോലുള്ള ദുഃഖകരമായ സംഭവമുണ്ടാകുമ്പോൾ ഒരു തുള്ളി കണ്ണുനീർ പൊഴിക്കണമെന്ന് ഞാൻ പറയുന്നില്ല, പക്ഷെ ഏറ്റവും കുറഞ്ഞത് സന്തോഷിക്കുകയെങ്കിലും ചെയ്യാതിരിക്കണം എന്നാണ് എനിക്ക് പറയാനു ള്ളത്. ഈ പ്രശ്നത്തിന്റെ പേരിൽ ഈ സഭയുടെ സമയം കളയാൻ ഞാനില്ല. ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുമുഴുവൻ തെറ്റാണ്, ഞാൻ നിഷേധിക്കുന്നു. ഇത് സഭ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല. ...(ബഹളം)..........

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു..... (ബഹളം).............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഒരു വിശദീകരണവുമില്ല.

<u>മി. സ്പീക്കർ:</u> അദ്ദേഹത്തിന് അത്രയും വിശദീകരണമേയുള്ളൂ.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> സർ, ശ്രീമതി യാമിനി തങ്കച്ചി നൽകിയ പരാതിയുടെ കാര്യത്തിൽ നിയമം നിയമത്തിന്റെ വഴിക്കുപോകുന്നതിനെ തടയുകയാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചെയ്തിരിക്കുന്നത്. ഭർത്താവ് തന്നെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നുവെന്നാണ് ശ്രീമതി യാമിനി തങ്കച്ചി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പരാതി പറഞ്ഞത്. ശരീര ത്തിലേറ്റ പീഡനത്തിന്റെ പാടുകളോടെയാണ് അവർ നേരിട്ടെത്തി പരാതി പറഞ്ഞത്. എഴുതിത്തയ്യാറാക്കിയ പരാതി നൽകാനും അവർ സന്നദ്ധയായി. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാതി വാങ്ങിയില്ല. ഇതൊരു കുടുംബ പ്രശ്നമായി കണ്ട് പ്രശ്നം രമ്യമായി പരിഹരിക്കുകയാണ് വേണ്ടതെന്നും അതിന് ഞാൻ വേണ്ടത് ചെയ്യുമെന്നും പരാതിക്കാരിക്ക് ഉറപ്പുനൽകി.

പരാതിക്കാരി അത് വിശ്വസിക്കുകയും പോലീസ് സ്റ്റേഷനിലോ കോടതിയിലോ പോകാതെ മുഖ്യമന്ത്രിയുടെ ഉറപ്പ് നടപ്പിലാകുന്നതും കാത്തിരിക്കുകയും ചെയ്തു. മുഖ്യമന്ത്രിയാകട്ടെ സംസ്ഥാന തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്റെ ഔദ്യോഗിക വസതിയിൽവച്ച് നാലുമണിക്കൂർ നീണ്ട മധ്യസ്ഥ ചർച്ചകൾക്കൊടുവിൽ ഒരു വിവാഹ മോചനക്കരാർ തയ്യാറാക്കി ഇരുപക്ഷത്തെക്കൊണ്ടും ഒപ്പിടുവിക്കുകയായിരുന്നു. കാര്യങ്ങളെല്ലാം നല്ലനിലയിൽ നടക്കുകയാണെന്ന് വിശ്വസിപ്പിച്ച് കരാറുമായി പരാതിക്കാരി കാത്തിരുന്നു. മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇതിനിടെ തന്നെ തന്റെ ഭാര്യ പീഡിപ്പിച്ചുവെന്ന് കാണിച്ച് പരാതി കൊടുത്തു. ഇത്രയുമായപ്പോഴാണ് പരാതിക്കാരിക്ക് താൻ വഞ്ചിക്കപ്പെട്ടുവെന്ന് ബോദ്ധ്യമായതും കോടതിയെ സമീപിച്ചതും. Protection of Women from Domestic Violence Act, 2005 എന്ന നിയമത്തിന്റെ 11–ാം വകുപ്പുപറയുന്നത് ഈ നിയമം പാലിക്കപ്പെടുന്നു വെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റു കൾക്കുണ്ട് എന്നാണ്. അതിനായി അനുവർത്തിക്കേണ്ട കാര്യങ്ങളും അക്കമിട്ട് പറയുന്നുണ്ട്. അത് ബഹുമാിയമത്തിന്റെ 4–ാം വകുപ്പുപറയുന്നത് ഏതൊരാളും ഗാർഹിക പീഡനം നടത്തുന്നുവോ, നടക്കുന്നുവോ, നടക്കാനി ടയുണ്ട് എന്നുകരുതുന്നുവോ എന്ന് വിശ്വാസിക്കാൻ കാരണമുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ട പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കണമെന്നാണ്. ഇവിടെ ഗാർഹിക പീഡനം നടന്നുവെന്ന് വിശ്വാസിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാരണമുണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. കാരണം ശ്രീമതി യാമിനി തങ്കച്ചി തന്റെ പരിക്കുകൾ സഹിതം നേരിട്ടെത്തി പരാതി

പറയുകയായിരുന്നു. വേണമെങ്കിൽ എഴുതിത്തയ്യാറാക്കിയ പരാതി നൽകാനും അവർ തയ്യാറായിരുന്നു. അതായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമത്തിന്റെ 4-ാം വകുപ്പ് ലംഘിച്ചിരിക്കുന്നു. നിയമത്തെ നിയമത്തിന്റെ വഴിക്ക് പോകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിച്ചില്ല. ധാർമ്മികമായി ശ്രീമതി യാമിനി തങ്കച്ചി പരാതി ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറണമായിരുന്നു. എങ്കിൽ നിയമം നിയമത്തിന്റെ വഴിക്ക് സഞ്ചരിച്ചേനെ. നിയമത്തിന്റെ 11-ാം വകുപ്പിൽ ഇത്തരം കേസുകളിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ വ്യക്തമായി അക്കമിട്ട് പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തതെന്താണ്? സഹമന്ത്രിമാരെക്കൂട്ടി ഔദ്യോഗിക വസതിയും മറ്റ് ഔദ്യോഗിക സംവിധാനങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ശിക്ഷാർഹമായ കുറ്റം - cognizable offence ആയ ഗാർഹിക പീഡനം അറിഞ്ഞിട്ടും അത് മറച്ചുവയ്ക്കാൻ ശ്രമിക്കുകയും അതിനായി രേഖ ചമയ്ക്കുകയും ചെയ്തു. കുടുംബപ്രശ്നം പരിഹരിക്കുകയാണെന്ന് പരാതിക്കാരിയെ തെറ്റിദ്ധരിപ്പിച്ചു. പരാതിക്കാരിക്ക് ആദ്യമേതന്നെ കോടതിയേയും പോലീസിനേയും സമീപിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തുകയും എതിർകക്ഷിക്ക് അതിനുള്ള അവസരം ഒരുക്കികൊടുക്കുകയും ചെയ്തു. നിയമത്തിന്റെ 3-.ാം വകുപ്പിൽ ഗാർഹിക പീഡനത്തിന്റെ വ്യക്തമായ നിർവ്വചനമുണ്ട്. അതിനെ കുടുംബപ്രശ്നമെന്ന് മറ്റൊരുതരത്തിൽ വ്യാഖ്യാനിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുനിഞ്ഞു. ഇക്കാര്യം നിയമസഭയിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ പ്രശ്നം കുടുംബ കോടതിക്ക് വിട്ടോ? അതും ചെയ്തില്ല. പകരം സ്വയം

കുടുംബ കോടതിയുടെ അധികാരങ്ങൾ എടുത്തുപയോഗിച്ചു. കുടുംബ പ്രശ്നം പറഞ്ഞുതീർക്കാൻ ഈ നാട്ടിൽ കോടതിയുള്ളപ്പോൾ തനിക്ക് മുൻപരിചയമില്ലെന്ന് മുഖ്യമന്ത്രിതന്നെ പറയുന്ന ശ്രീമതി യാമിനി തങ്കച്ചിയുടെ കാര്യത്തിൽ മാത്രം സംസ്ഥാന മുഖ്യമന്ത്രി സ്വയം കുടുംബ കോടതിയായി മാറിയത് നിയമാനുസൃതമാണോ? ഒരുതരത്തിലുള്ള കൗൺസിലിംഗും നടത്താതെ ഒറ്റദിവസംകൊണ്ട് നാലുമണിക്കൂർ മാരത്തോൺ ചർച്ച നടത്തി വിവാഹ മോചനക്കരാർ ഉണ്ടാക്കിയ മുഖ്യമന്ത്രിയുടെ നടപടി അസ്വാഭാവികവും അസാധാരണവും നിയമവിരുദ്ധവുമാണ്. ഇത്തരം ഒരു കരാർ ഉണ്ടാക്കിയതിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിവിൽപ്പെട്ട ശിക്ഷാർഹമായ ഒരു കുറ്റം മറച്ചുവച്ചിരിക്കുന്നു. അതായത് മുഖ്യമന്ത്രി നേരിട്ട് ശിക്ഷാർഹമായ മറ്റൊരു കുറ്റം ചെയ്തിരിക്കുന്നു. എന്തുകൊണ്ട് നിയമത്തെ നിയമത്തിന്റെ വഴിക്കുവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിക്കുന്നില്ല; ശ്രീമതി യാമിനി തങ്കച്ചിയുടെ പരാതി കേട്ട മുഖ്യമന്ത്രിക്ക് പ്രഥമദൃഷ്ട്യാ അതിൽ കഴമ്പുണ്ടെന്ന് തോന്നിയില്ല? ഇത് കേവലം ഒരു കുടുംബപ്രശ്നമാണെന്ന നിഗമനത്തിലാണ് മുഖ്യമന്ത്രി നീങ്ങിയത്. പക്ഷേ ശ്രീമതി യാമിനി തങ്കച്ചിയുടെ കേസ് പരിഗണിച്ച കോടതിക്ക് പ്രഥമദൃഷ്ട്യാ പരാതിയിൽ കഴമ്പുണ്ടെന്നും ഇത് ഗാർഹിക പീഡനമാണെന്നും തോന്നി. അതുകൊണ്ട് പ്രസ്തുത നിയമത്തിന്റെ 18-ാം വകുപ്പനുസരിച്ച് കോടതി പ്രൊട്ടക്ഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കോടതിയിലെത്തിയാൽ നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭയപ്പെട്ടിരുന്നോ? എന്തിനാണ് വ്യാജ കരാറുകൾ ഉണ്ടാക്കിയതും സ്വത്ത് ഭാഗിച്ചുവച്ചതും പരാതിക്കാരിക്ക് വ്യാജ പ്രതീക്ഷ നൽകിയതും പ്രശ്നത്തെ കോടതിയിൽ

നിന്ന് അകറ്റി നിറുത്തിയതും? പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന്റെ ഉദ്ദേശത്തെ ബോധപൂർവ്വം ദുർബലപ്പെടുത്തുകയും ഒരു ക്രിമിനൽ കുറ്റം അധികൃതരിൽനിന്നും മറച്ചുവയ്ക്കുകയും ചെയ്തതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുന്നു. സത്യപ്രതിജ്ഞാ ലംഘനം നടത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരത്തിൽ തുടരുന്നത് ശരിയാണോ? ശരിയല്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ സമീപനത്തിലുള്ള ശക്തമായ പ്രതി ഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട അടിയന്തര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ കഴിഞ്ഞ കുറേ ദിവസങ്ങളായി സഭയെ പ്രക്ഷുബ്ധമാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രീ, അങ്ങേയ്ക്ക് എതിരായി ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ വസ്തുതകളെല്ലാംതന്നെ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായതാണ്. ഇതൊ ന്നും ഞങ്ങളുടെ സൃഷ്ടിയോ ഭാവനയോ അല്ല. ഈ കേസ് ആദ്യമായി എങ്ങനെയാണ് വന്നത്; ഈ കേസിന്റെ ആരംഭം എവിടെയാണ്? നിങ്ങൾ ഞങ്ങളോട് ഇത്ര പ്രകോപനം കാണിക്കേണ്ട വല്ല കാര്യവുമുണ്ടോ? ആരാണ് ജനങ്ങളോട് വിളിച്ചുപറഞ്ഞത്? നിങ്ങളുടെ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ വീട്ടിൽ നടക്കാൻ പാടില്ലാത്തത് നടന്നുവെന്ന് ജനങ്ങളോട് വിളിച്ചുപറഞ്ഞത് പ്രതിപക്ഷമാണോ? മന്ത്രിയുടെ എല്ലാ അവകാശങ്ങളുമുള്ള നിങ്ങളുടെ

വിശ്വസ്തനായ ഒരാളല്ലേ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പലതവണ സഹായിച്ചിട്ടുള്ള ഒരാളല്ലേ പറഞ്ഞത്. ഞങ്ങൾ അതെല്ലാം കേട്ടിട്ട് ഒന്നും കണ്ടില്ല കേട്ടില്ല എന്നുപറഞ്ഞ് പൊട്ടന്മാരായിട്ടിരിക്കണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? നിങ്ങളുടെ ചീഫ് വിപ്പ് കേരളത്തോട് പറഞ്ഞ കാര്യത്തിൽ വസ്തുതയുണ്ടോ എന്ന അന്വേഷണമാണ് ഞങ്ങൾ നടത്തിയത്. വസ്തുതയുണ്ട് എന്ന് തെളിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഇതിൽ ഇടപെട്ടു. അത് സദുദ്ദേശപരമായ കാര്യമാണ്. പക്ഷേ അത് നടന്നില്ല. അങ്ങേയ്ക്ക് ആത്മാഭിമാനമുണ്ടെങ്കിൽ ഈ പ്രശ്നം നിയമസഭയിൽ പറയണം. നിയമത്തിന്റെ വഴിക്കുപോട്ടെ ഞാൻ ഇതിനകത്ത് ഇടപെടുന്നില്ല എന്ന് പറയാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം. എന്തിനാണ് ഇങ്ങനെ നാടകം കളിക്കുന്നത്. കാഷ് ട്രാൻസാക്ഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എന്ത് അവകാശമാണുള്ളത്. 25 ലക്ഷം, 25 ലക്ഷം, 75 ലക്ഷം എന്നൊക്കെ പറഞ്ഞ് ഈ പണമിടപാടിൽ മന്ത്രിമാർക്ക് എന്ത് അവകാശമാണ്? ഇവരൊക്കെ സത്യപ്രതിജ്ഞ ചെയ്തവരല്ലേ? ആരോടും പ്രത്യേകമായ പരിഗണന എനിക്കുണ്ടാവില്ല എന്നല്ലേ നമ്മളെല്ലാം സത്യപ്രതിജ്ഞ ചെയ്തത്. ശ്രീമതി യാമിനി തങ്കച്ചിയോടില്ലാത്ത പ്രത്യേകത ശ്രീ. കെ.ബി. ഗണേഷ് കുമാറിനോടുമാത്രം എന്തിനാണ് കാണിക്കുന്നത്; അങ്ങനെ കാണിക്കാമോ? ശ്രീമതി യാമിനി തങ്കച്ചിയും ശ്രീ. കെ. ബി. ഗണേഷ് കുമാറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒന്നുപോലെയല്ലേ? അതിൽ അഗ്രീവ്ഡ് പാർട്ടി എന്നുപറഞ്ഞ് ഗ്രീവൻസുള്ളത് ശ്രീമതി യാമിനി തങ്കച്ചിക്കല്ലേ? അവരല്ലേ നിങ്ങളുടെ മുന്നിൽ ആദ്യം വന്നത്. ആ കേസ് അപ്പോൾത്തന്നെ പോലീസിൽ ഏൽപ്പിക്കാമായിരുന്നല്ലോ; എന്നിട്ട് അങ്ങ

യിൽ വിശ്വാസം നഷ്ടപ്പെട്ടാണ് അവർ മ്യൂസിയം പോലീസ് സ്റ്റേഷനിൽ പോയി കേസ് ഫയൽ ചെയ്തത്. അത് അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? മുഖ്യമന്ത്രിക്ക് നൽകിയ ഹർജി വാങ്ങാതെ വന്നപ്പോൾ ആ ഹർജി തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഡോ. യാമിനി രജിസ്റ്റർ ചെയ്തിരിക്കുകയാണ്. എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത്; അങ്ങയിൽ വിശ്വാസമില്ല. അങ്ങയുടെ ഗവൺമെന്റ് എന്താണ് ചെയ്തിരിക്കുന്നത്; സർക്കിൾ ഇൻസ്പെക്ടറെ പറഞ്ഞയച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ വീട്ടിൽനിന്ന് പെറ്റീഷൻ വാങ്ങി. ഇത് നീതിയാണോ, ഇതാണോ നിയമവാഴ്ച്ച എന്നുചോദിച്ചപ്പോൾ അപ്പുറത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ബഹളമുണ്ടാക്കി. ഇതാണോ നിയമം; ഇങ്ങനെയാണോ നിയമം നടപ്പിലാക്കുന്നത്? ഇപ്പോൾ ഡോ. യാമിനി തങ്കച്ചി ആദ്യം കൊടുത്ത പെറ്റീഷൻ രണ്ടാമതായി. ഡോ. യാമിനി തങ്കച്ചിയുടേത് ഗാർഹിക പീഡനമാണ്. ഗാർഹിക പീഡനത്തിന് ഞൗീ ാീഠൗ കേസ് എടുക്കാം, ഇരയുടെ മൊഴി മാത്രം മതി എന്നാണ് ചീഫ് ജസ്റ്റിസ് പറഞ്ഞിരിക്കുന്നത്. ഇരയുടെ മൊഴി നിങ്ങൾ എടുത്തോ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രീ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ഈ വിഷയത്തിൽ ഒന്നും രണ്ടും കേസ് എന്നുപറയുന്ന പ്രശ്നമേയില്ല. ഗാർഹിക പീഡനം നടന്നുവെന്ന് പറഞ്ഞ് അവർ മുഖ്യമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുത്തു, അവിടെനിന്നും അവർ നേരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ പോയി പെറ്റീഷൻ കൊടുത്തു. രണ്ട് പരാതിയും സമർപ്പിച്ച സമയം തമ്മിൽ 2−4 മിനിട്ടിന്റെ വ്യത്യാസമേ വരികയുള്ളൂ. ക്ലിഫ് ഹൗസും മ്യൂസിയം പോലീസ് സ്റ്റേഷനും

തമ്മിലുള്ള അകലം അങ്ങേയ്ക്ക് അറിയാവുന്നതാണ്. പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടുണ്ട്. ആ കേസിന്റെ ഡീറ്റെയിൽസാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. അങ്ങ് മനഃപ്പൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുകയില്ലെന്ന് എനിക്കറിയാം. ഒരു കേസ് ഡെവലപ്പ് ചെയ്യാൻവേണ്ടി പറയുന്നതാണ്. അതുകൊണ്ട് അങ്ങ് എങ്കിലും ഈ കാര്യം ബോധ്യപ്പെടണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നുമാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ. എന്തും പറയാമെന്ന് അങ്ങ് ധരിക്കരുത്. ഇതെല്ലാം ഇവിടെ രേഖയിലുണ്ടാകും. സത്യസന്ധമായ കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ആദ്യം പോയത് പരാതിക്കാരിയായ ഡോ. യാമിനി തങ്കച്ചി തന്നെയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, അത്രയും ഡീറ്റെയിൽസിലേക്ക് പോകണോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഇന്റർഫിയർ ചെയ്യുന്നതിനുവേണ്ടി പറയുന്നതല്ല, ഒരു തെറ്റിദ്ധാരണ മാറ്റുന്നതിനുവേണ്ടിയാണ്. പരാതി സമർപ്പിച്ച സമയം ക്രോണോളജിക്കൽ ഓർഡറിൽ ഒന്ന് പരിശോധിച്ചാൽ അങ്ങേയ്ക്കത് കൃത്യമായി മനസ്സിലാകും.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഡോ. യാമിനി ആദ്യം കൊടുത്ത കേസ്സിന്റെ നമ്പർ 422 ആണ്. രണ്ടാമതുകൊടുത്ത കേസ്സിന്റെ നമ്പർ എങ്ങനെയാണ്

421 ആകുന്നത്; അത് പരിശോധിക്കണം. അങ്ങയുടെ കീഴിലുള്ള സ്പെഷ്യൽ ബ്രാഞ്ചിനെക്കൊണ്ട് ഇത് പരിശോധിക്കണം. ഞാൻ അതിൽ തർക്കിക്കുന്നില്ല. എന്തായാലും മുഖ്യമന്ത്രിക്ക് കൊടുത്ത അതേ പെറ്റീഷൻ സമയം തെറ്റാതെ കൊണ്ടുകൊടുത്തുവെന്ന് പറയുന്നു. മുഖ്യമന്ത്രിക്ക് കൊടുത്ത പെറ്റീഷനിൽ നടപടിയെടുക്കില്ല എന്ന് ബോധ്യപ്പെട്ടു. അമിക്കബിൾ സെറ്റിൽമെന്റ് എന്നാണ് പറയുന്നത്. ഗാർഹികപീഡന നിയമത്തിൽ ഒരിടത്തും അമിക്കബിൾ സെറ്റിൽമെന്റിനെക്കുറിച്ച് പറയുന്നില്ല. ഗാർഹിക പീഡനം നടത്തിയെന്ന ഒരു പെറ്റീഷൻ വന്നാൽ suo motu അത് നടത്തിയ ആളിനെ ജാമ്യമില്ലാതെ അറസ്റ്റ് ചെയ്യണമെന്നാണ് നിയമത്തിൽ പറയുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പെറ്റീഷൻ ഡി.ജി.പി.-യേയും സൗത്ത് സോണിന്റെ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രനെയും വിളിച്ചുവരുത്തി കൊടുക്കുകയാണുണ്ടായത്. മുഖ്യമന്ത്രിക്ക് കൊടുത്ത പെറ്റീഷൻ ഒരു കാലവിളംബവുമില്ലാതെ ഡി.ജി.പി.-യെയും എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രനെയും വിളിച്ചുവരുത്തി കൊടുക്കുകയാണ് ചെയ്തത്. ബാക്കിയുള്ള പ്രോസ്സസ് ഡിപ്പാർട്ടുമെന്റലായിട്ടാണ് നടക്കേണ്ടത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, അങ്ങ് ഇവിടെ പറയുന്നതെല്ലാം ജനങ്ങൾ അറിയുന്നുണ്ട്. ഡോ. യാമിനി ക്ലിഫ് ഹൗസിൽ വന്ന് മുഴുവൻ മാധ്യമപ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ ആദ്യം പെറ്റീഷൻ തന്നത് എനിക്കാണ്. എന്നെ വിശ്വാസമില്ലാതെ പോലീസ് സ്റ്റേഷനിൽ പോയി എന്ന് അങ്ങ് ഇവിടെ പറഞ്ഞു. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ, പരാതി ലഭിച്ച് പത്തുമിനിട്ടിനകം ഡി.ജി.പി.യെയും എ.ഡി.ജി.പി.യെയും വിളിച്ച് ആ

പരാതി ഞാൻ കൈമാറി. അവർ ഇറങ്ങുന്ന സമയത്ത്, ഇനിയും പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കണമോ എന്നുചോദിച്ചു. നിങ്ങളുടെ അഡ്വക്കേറ്റിന്റെ ഉപദേശപ്രകാരം ചെയ്യണം, ഡി.ജി.പി.യും എ.ഡി.ജി.പി.യും അടുത്ത മുറിയിലുണ്ട്. ഇപ്പോൾത്തന്നെ അവരെ വിളിച്ച് ഈ പരാതി ഞാൻ കൊടുക്കും. നിങ്ങളുടെ അഡ്വക്കേറ്റിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കണം എന്ന് അവരോട് പറഞ്ഞു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഡോ. യാമിനി കോടതിയിൽ സമർപ്പിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റാണ് ഇവിടെ വായിച്ചത്. ഡോ. യാമിനി അതിൽ പറഞ്ഞിരിക്കുന്നത്, പലതവണ അപ്രോച്ച് ചെയ്തിട്ടും അമിക്കബിൾ സെറ്റിൽമെന്റല്ലാതെ വേറൊരു ഉപദേശവും തന്നില്ല. ആ ഉപദേശം എനിക്ക് അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് മ്യൂസിയം പോലീസ് സ്റ്റേഷനിൽ നീതിക്കുവേണ്ടി പോയത് എന്നുമാണ്. അങ്ങ് ഇടപെട്ട് ഈ വിഷയം അവസാനിപ്പിച്ചെങ്കിൽ എന്തിനാണ് അവർ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്തത്? അങ്ങ് പറയുന്നത് എന്താണ്; സദുദ്ദേശത്തിന്റെ പേരിൽ അമിക്കബിൾ സെറ്റിൽമെന്റുണ്ടാക്കി. ഞാൻ രണ്ടാമതൊരു കാര്യം ചോദിക്കുകയാണ്, ഈ ഒരു കേസ് മാത്രമേ കേരളത്തിലുള്ളോ; അങ്ങ് മുഖ്യമന്ത്രിയല്ലേ; ഈ പണമിടപാടിന് അങ്ങ് എന്തിന് വഴിവച്ചു; 25 ലക്ഷം, 25 ലക്ഷം, 50 ലക്ഷം എന്നുപറയുന്ന കണക്ക് എങ്ങനെ മുഖ്യമന്ത്രിയുമായി ബന്ധപ്പെടുന്നു?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഞാൻ ഈ സഭയിൽത്തന്നെ പറഞ്ഞു, ഞാനൊരു പൊതുപ്രവർത്തകൻകൂടിയാണ്. എന്റെ അടുത്തുവരുന്ന ഏത് പരാതിയുടെ കാര്യത്തിലും എനിക്ക് ഏതെങ്കിലും വിധത്തിൽ

സഹായിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ സഹായിച്ചിരിക്കും. വേറെ പല കാര്യങ്ങളിലും ഞാൻ ഇടപെട്ടിട്ടുണ്ട്, ഇടപെടുന്നുണ്ട്, ഇനിയും ഇടപെടും.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് ഇടപെടുന്നത് പൊതുപ്രവർത്തകൻ എന്നുള്ള നിലയിൽ മാത്രമല്ല, കേരളത്തിന്റെ ചീഫ് മിനിസ്റ്റർ എന്ന നിലയിലുമാണ്. അല്ലാതെ, കേരളത്തിൽ ഏതെല്ലാം പൊതുപ്രവർത്തകർ എന്തെല്ലാം കേസ്സുകൾ ഒത്തുതീർപ്പിലെത്തിക്കുന്നു. അതൊന്നും സഭയിൽ ചർച്ചയ്ക്ക് വരുന്നില്ല. ഇത് അങ്ങും അങ്ങയുടെ മന്ത്രിസഭയിലെ അംഗങ്ങളുമടക്കം ഇടപെട്ട ഒരു കേസ്സാണ്. ആ കേസ്സിന് നിങ്ങൾ ഉപയോഗിച്ചിരിക്കുന്നത് ഗവൺമെന്റ് വസതികളാണ്. ഗവൺമെന്റിന്റെ ചെലവിലാണ്. അതുകൊണ്ടാണ് നിയമസഭയിൽ ഞങ്ങൾ ഈ വിഷയം ഉന്നയിക്കുന്നത്. നിങ്ങൾ എന്തെങ്കിലും പറഞ്ഞ് ഞങ്ങളെ ഇരുത്താൻ നോക്കേണ്ട. കാരണം, ഇവയെല്ലാം അങ്ങ് പറഞ്ഞതുപോലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഇതെല്ലാം അറിയുകയാണ്. ഞാൻ ആദ്യം പറഞ്ഞ വിഷയത്തെ സംബന്ധിച്ച് അങ്ങ് ഇപ്പോഴും മറുപടി പറഞ്ഞില്ല. ഈ നിയമസഭ മുഴുവൻ അലങ്കോലമാക്കുന്ന ഒരു വിഷയത്തിലേക്ക് ഞങ്ങളെ വലിച്ചിഴച്ചത് നിങ്ങളാണ്. നിങ്ങൾ മാത്രമാണ് അതിന് ഉത്തരവാദി. അത് നിഷേധിക്കാമോ; ഈ സംഭവത്തിന് നിങ്ങളാണ് ഉത്തരവാദി, ഞങ്ങളല്ല. ഞങ്ങളുടെ ഭാഗത്തുനിന്ന് ഒരു തെറ്റും വന്നിട്ടില്ല. ഞങ്ങൾ ഈ വിഷയം ഇവിടെ ഉന്നയിച്ചിട്ടുമില്ല. പക്ഷേ രാജ്യത്തുമുഴുവൻ വിവാദങ്ങൾ വന്ന്, മന്ത്രിയുടെ പേരിലായി, മുഖ്യമന്ത്രിയുടെ പേരിലായി, തൊഴിൽ വകുപ്പുമന്ത്രിയുടെ പേരിലായി, വാർത്തകൾ ഇഷ്ടംപോലെ വന്നു. ഞങ്ങൾ പൊട്ടന്മാരായി ഒന്നും കേട്ടില്ല, ഒന്നും കണ്ടില്ല എന്നുപറഞ്ഞ് ഇരിക്കണമെന്നാണോ അങ്ങ് പറയുന്നത്. അങ്ങ് ഇപ്പു

റത്തായിരുന്നുവെങ്കിൽ ഈ കേസ്സ് വിടുമോ? അങ്ങ് ഇപ്പുറത്തായിരുന്നുവെങ്കിൽ ഈ കേസ്സ് വിടുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ........ (മൈക്ക് ഓഫ്) ......... ഞങ്ങൾ പല കേസ്സുകളും വിട്ടിട്ടുണ്ട്. തിരിഞ്ഞുനോക്കിയാൽ അങ്ങേയ്ക്കത് മനസ്സിലാകും.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങളുടെ ഒരു കേസ്സും നിങ്ങൾ വിടേണ്ട. ഇതുപോലെ ഒരു വിഷയം ഈ നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്താൽ മുഖ്യമന്ത്രിക്കും ഞങ്ങൾക്കും പറയാനുള്ളതെല്ലാം പറയാം. ഇത് പറയാനും സമ്മതിക്കുകയില്ല........, ഇത് വളരെ നിർഭാഗ്യകരമാണ്. ഇനിയെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഇതിൽ നിന്നും പിന്തിരിയണം. കോടതികളും പോലീസും ഈ കേസ് എടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യട്ടെ, അങ്ങ് ഇതിൽ ഇടപെടരുത്. അങ്ങ് ഇടപെട്ട് ഈ കേസ്സ് കുളമാക്കി. ഇനിയെങ്കിലും അവരെ അവരുടെ വഴിക്ക് വിട്ടേയ്ക്കുക. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനെത്തുടർന്ന് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, വളരെ അവധാനതയോടുകൂടി കൈകാര്യം ചെയ്യേണ്ട വിഷയമാണ് കുടുംബപ്രശ്നം. പൊതുപ്രവർത്തകർ കുടുംബപ്രശ്നങ്ങളിൽ ഇടപെടാറുണ്ട്. പൊതുപ്രവർത്തകർ കുടുംബപ്രശ്നങ്ങളിൽ

ഇടപെടുമ്പോൾ മുന്തിയ പരിഗണന നൽകുന്നത് കഴിയുന്നത്ര ആ കുടുംബത്തെ യോജിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുതന്നെയാണ്. ഈയൊരു പ്രശ്നത്തിൽ അത്തരത്തിലൊരു സമീപനമുണ്ടായിട്ടില്ല. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള തർക്കം അവസാനിപ്പിച്ചുകൊണ്ട് വിട്ടുവീഴ്ച്ച ചെയ്ത് ഒരുമിച്ച് മാതൃകാപരമായി കുടുംബജീവിതം നയിക്കണമെന്ന നിർദ്ദേശം ആരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കാണുന്നില്ല. അത്തരത്തി ലൊരു സാഹചര്യമുണ്ടാകാതെ വരുമ്പോൾ, മാന്യമായി പിരിയണമെന്നു ഞാൻ പറയുന്നില്ല, രമ്യമായി പിരിയണം. രമ്യമായി പിരിയുന്ന സാഹചര്യ ത്തിൽ സ്വത്ത് വീതംവയ്ക്കൽ അടക്കമുള്ള കാര്യങ്ങളുണ്ടാകാം. സ്വത്ത് വീതംവയ്ക്കൽ തുടങ്ങിയ കാര്യങ്ങളിൽ ഭരണകൂടം ഇടപെടുന്നത് ഭംഗി യാണോ എന്ന ന്യായമായ ചോദ്യമാണ് ഇവിടെ ഉയരുന്നത്. ഇവിടെ മന്ത്രി മാർ ഒരു കാര്യത്തിലും കാണിക്കാത്ത ഒരു കൂട്ടുത്തരവാദിത്തം കാണിച്ചിരി ക്കുകയാണ്. കൂട്ടുത്തരവാദിത്തം കാണിക്കേണ്ട നിരവധി പ്രശ്നങ്ങൾ ഇപ്പോൾ നമ്മുടെ നാട്ടിലുണ്ട്. വരൾച്ച വളരെ രൂക്ഷമാണ്, ഇന്നലെ ചൂട് 41 ഡിഗ്രി വരെയെത്തി. പല തരത്തിലുള്ള രോഗങ്ങൾക്കും ഇടയാക്കുന്ന തരത്തിൽ വരൾച്ച അതിരൂക്ഷമാകുന്നു. കുടിവെള്ളക്ഷാമം, വിലക്കയറ്റം, പവർകട്ട്, കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നം തുടങ്ങിയവയുണ്ട്. മന്ത്രിമാർ കൂട്ടുത്തരവാദിത്തം കാണിക്കേണ്ട അത്തരം വിഷയങ്ങളിൽ ഒരു കൂട്ടുത്തര വാദിത്തവും കാണിക്കാതെ നാട്ടിലെ ഒരു സ്ത്രീയുടെ വിലാപം തമസ്ക്കരി ക്കുന്ന കാര്യത്തിൽ മാത്രം കൂട്ടുത്തരവാദിത്തം കാണിക്കുന്ന സാഹചര്യം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനകീയ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു സമീപനം നമുക്ക് വളർത്തിയെടുക്കാൻ കഴിയണം. അവിടെ മന്ത്രിമാർ കൂട്ടുത്തരവാദിത്തം കാണിക്കണം. അങ്ങ് അത്തരം കാര്യ

ങ്ങളിൽ ഇടപെടണം. അത്തരം കാര്യങ്ങളിൽ അങ്ങ് ഒരു മധ്യസ്ഥനായോ മറ്റേതെങ്കിലും രൂപത്തിലോ ഉയർന്നുവന്നാൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യും. ഒരു സ്ത്രീയുടെ വിലാപം തമസ്ക്കരിക്കുന്ന കാര്യത്തിൽ, ആ പരാതികൾ അധികാരികളുടെ മുമ്പിലെത്താതെ അത് ത്യജിക്കപ്പെടുന്ന കാര്യത്തിൽ കാട്ടിയ കൂട്ടുത്തരവാദിത്തം വേണ്ടിയിരുന്നില്ല. അത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ നാട്ടിലെ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന വേദിയായി മന്ത്രിസഭയും നിയമസഭയും മാറുവാൻ കൂട്ടായ പരിശ്രമമുണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം. ഈ വിഷയങ്ങളിൽ, ഒരു പരാതിയിൽ നിയമത്തിന്റെ വഴിക്കുപോകാൻ അനുവദിക്കാതെ ഇടപെടുന്ന സർക്കാർ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനെത്തുടർന്ന് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ.എ. അസീസ്: സർ, ഗാർഹിക പീഡനകേസിൽ അകപ്പെട്ട ശ്രീ. ഗണേഷ് കുമാറിനെ നിയമവിരുദ്ധമായി രക്ഷിക്കാൻ പദവിയും ഭരണസംവിധാനങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് നിയമവാഴ്ചയും സത്യപ്രതിജ്ഞാ ലംഘനവുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ നടത്തിയിരിക്കുന്നത്. വളരെ ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിനാൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനെത്തുടർന്ന് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ ഹാജരായി)